(ബി) വൺമാൻ ട്രഷറി നിലവിലില്ലാത്ത പഞ്ചായത്തുകളിൽ വൺമാൻ ട്രഷറികൾ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

*ഉത്തരം*

(എ) സംസ്ഥാനത്ത് വൺമാൻ ട്രഷറികൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| *നമ്പർ* | *ജില്ല* | *പഞ്ചായത്ത്* |
|---|---|---|
| 1. | തിരുവനന്തപുരം | 1. നെല്ലനാട് |
| | | 2 കല്ലിയൂർ |
| 2. | കൊല്ലം | 1. ചവറ |
| | | 2. കുളക്കട |
| 3. | ആലപ്പുഴ | 1. മാന്നാർ |
| | | 2. പാലമേൽ |
| | | 3. മുതുകുളം |
| 4. | എറണാകുളം | 1. വെല്ലാനം |
| | | 2. കുന്നുകുങ്ങി |
| | | 3. പോത്താനിക്കാട് |
| 5. | തൃശ്ശൂർ | 1. മണലൂർ |
| 6. | മലപ്പുറം | 1. വണ്ടൂർ |
| 7. | കോഴിക്കോട് | 1. കുന്ദമംഗലം |
| | | 2. താമരശ്ശേരി |
| 8. | പാലക്കാട് | 1. എലപ്പുള്ളി |
| 9. | കണ്ണൂർ | 1. ആലക്കോട് |
| 10. | കാസറഗോഡ് | 1. തൃക്കരിപ്പൂർ |

(ബി) ഇപ്പോൾ ആലോചനയിലില്ല.

(സി) ബാധകമല്ല.

**തൃക്കരിപ്പൂർ ട്രഷറി സബ്ട്രഷറിയായി ഉയർത്തുന്നതിനു നടപടി**

32 [211] *ശ്രീ. കെ. വി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഏകാംഗ ട്രഷറി സബ്ട്രഷറിയായി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) & (ബി) പരിശോധിച്ചുവരുന്നു.

**ഓവർഡ്രാഫ്റ്റ്**

33 [212] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളിൽ ഇപ്പോൾ ഓവർഡ്രാഫ്റ്റ് ഉണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഓവർഡ്രാഫ്റ്റിന്റെ പരിധി എത്രയെന്ന് വെളിപ്പെടുത്തുമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓവർഡ്രാഫ്റ്റിന്റെ പരിധി മറികടന്നിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ഇല്ല.

(ബി) ഓവർഡ്രാഫ്റ്റിന് പരിധിയില്ല. എന്നാൽ ഓവർഡ്രാഫ്റ്റ് ആകാവുന്ന ദിവസങ്ങൾക്ക് പരിധിയുണ്ട്.

**അനധികൃത ഭാഗ്യക്കുറി വിൽപ്പന**

34 [213] *ശ്രീ. ഷിബു ബേബി ജോൺ:*
" *ആർ. ബാലകൃഷ്ണപിള്ള:*
" *കെ. ബി. ഗണേഷ് കുമാർ:*
" *ജോണി നെല്ലൂർ:*
" *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി പുനഃസംഘടിപ്പിച്ചതിന് ശേഷം ടാക്സ് അടയ്ക്കാതെ അന്യ സംസ്ഥാന ലോട്ടറികൾ വിപണിയിൽ എത്തിയതായി മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിപണിയിൽ അടക്കം എത്ര തുക സർക്കാർ പിരിച്ചെടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly